പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

29.05.2019 ൽ

മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 577

**സിമന്റ് വില കുറയ്ക്കുന്നതിന് സിമന്റ് നിർമ്മാതാക്കളുമായി ചർച്ച**

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സിമന്റ് വിലയിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എഴുപത് രൂപയോളം കൂടിയത് നിർമ്മാണ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്ന റിപ്പോർട്ടുകൾ വസ്തുതാപരമാണോ; വ്യക്തമാക്കുമോ ; | എ) | സിമന്റിന്റെ വിലവർദ്ധിക്കുന്നത് നിർമ്മാണ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടന്നു വരുന്ന വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായും, സംസ്ഥാനം നേരിട്ട മഹാ പ്രളയത്തിനു ശേഷമുള്ള വിവിധ നിർമ്മാണ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന ആവശ്യകത സിമന്റിന്റെ ഉപഭോഗത്തിൽ വൻ വർദ്ധനവിന് കാരണമായിട്ടുണ്ട്.<br>ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ ഉപഭോഗം കൂടുതലാണെങ്കിലും ഇവിടെ സിമന്റിന്റെ ഉല്പാദനം കുറവായതാണ് കേരളത്തിൽ സിമന്റിന്റെ വില കൂടുതലായി നിലനിൽക്കുന്ന സാഹചര്യമുണ്ടാക്കുന്നത്. കേരളത്തിലെ സിമന്റ് വിപണിയുടെ ഏകദേശം 95% വും നിയന്ത്രിക്കുന്നത് സ്വകാര്യ സിമന്റ് ഉല്പാദകരാണ്.<br>കേരളത്തിലെ വിപണനത്തിനുണ്ടാകുന്ന ചെലവുകൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലായതും കേരളത്തിൽ സിമന്റിന്റെ വിലവർദ്ധനവ് കാരണമാകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും സിമന്റ്, റെയിൽ/റോഡ് മുഖേന എത്തിക്കേണ്ടിവരുന്നത് കേരളത്തിൽ സിമന്റിന്റെ വിലവർദ്ധനവിന് കാരണമാകാറുണ്ട്.<br>കേരളത്തിൽ മലബാർ സിമന്റ്സിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമന്റിന്റെ 5 മുതൽ 8 ശതമാനത്തോളമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ വില ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് പങ്ക് വഹിക്കുന്നുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും, യൂണിറ്റുകൾ |

| | |
|---|---|
| | നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സിമന്റിന്റെ വില വർദ്ധനവ് തടയുന്നതിനായി മലബാർ സിമന്റ് ഉല്പാദനം മെച്ചപ്പെടുത്തുകയും സിമന്റ് മാർക്കറ്റിൽ നിത്യേന ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) സിമന്റ് വില കുറയ്ക്കുന്നതിന് സിമന്റ് നിർമ്മാതാക്കളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | ബി) ഉണ്ട്. സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗങ്ങൾ 29.7.2016, 10.5.2017, 22/11/2018, 19/2/2019 എന്നീ തീയതികളിൽ സർക്കാർ തലത്തിൽ വിളിച്ച് ചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br>'ലൈഫ് മിഷൻ' പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുന്ന വിഷയം 13.9.2017 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സിമന്റ് വില നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് ഉല്പാദകരുടെ യോഗം 2.5.2019 ന് ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്തിരുന്നു. |

സെക്ഷൻ ഓഫീസർ